# പള്ളികഥകൾ

## മിനികഥകൾ ഇരുപത്തിയാറ്

ജോയിക്കുട്ടി,

ജോസഫ് അച്ചന്റെ അമേരിക്കയിലെ ഒരു സ്വന്തം ഇടവകയിലെ ഒരു കുടുംബമാണ് സിജിയെന്ന് ചുരുക്ക പേരിലറിയപ്പെടുന്ന ചിന്നമ്മജോജ്ജിന്റേത്.

''എല്ലാ നല്ല മനുഷ്യർക്കും അസൂയ എന്ന പാര വെച്ച് സന്തോഷമായ് കഴിയുകയാണ്'' ഞാൻ എന്ന് ഒരിക്കൽ പിശാച് അച്ചനോട് പറഞ്ഞു എന്നു പറഞ്ഞാണ് ഇപ്രാവശ്യം സ്വതസിദ്ധമായ ചിരിയോട് ജോസഫച്ചൻ കഥ പറയാൻ തുടങ്ങിയത്.

## പാര

ഏകദേശം നാല്പതു വഷമായ് ജോജ്ജുകുട്ടിയും ചിന്നമ്മയും വിവാഹിതരായിട്ട്. വിവാഹം കഴിഞ്ഞപ്പോൾ മുതൽ അവർ അമേരിക്കയിൽ ജീവിക്കുകയാണ്. മക്കൾ രണ്ടു പേരും വഷങ്ങൾക്കു മുമ്പ് വിവാഹം കഴിഞ്ഞ് ദൂരെയുമാണ് താമസം. ഇപ്പോൾ അവർ രണ്ടുപേരും മാത്രമാണ് ആ വീട്ടിൽ.

വിവാഹം കഴിഞ്ഞ നാൾ മുതൽ എന്നും അയാൾ പ്രഭാതം മുതൽ പ്രദോഷം വെരെ അവളെ വഴക്കു പറയുകയും കളിയാക്കുകയും പതിവായിരുന്നു. ഒരിക്കലും അവൾ അത് കേട്ടില്ലന്നു ഭാവിച്ചിരുന്നു. ഒരിക്കൽ മാത്രം അവൾ മറുപടി പറഞ്ഞു

''ഞാൻ ഒരു മണ്ടിയാണെന്നറിയാമോ?''

''എനിക്കതറിയാമല്ലോ''

''എന്റെ മണ്ടത്തരങ്ങളിലൊന്നാണല്ലോ അച്ചായനെ ഭത്താവായി തിരഞ്ഞെടുത്തത തന്നെ''

''അല്ലങ്കിൽ ഇക്കാലത്ത് എന്നെപ്പോലെ വിദ്യാഭ്യാസമുള്ള ആരാണ് നിന്നെപ്പോലെയുള്ള ഒരു നേഴ്സിനെ വിവാഹം ചെയ്യുന്നത്?''

അമേരിക്കയിൽ വന്നയുടനെ തന്നെ രജിസ്റ്റേട് നേഴ്സിംഗ് പരീക്ഷ ആദ്യം തന്നെ പാസായ ശേഷമാണ് കെമിസ്ട്രിയിൽ മാസ്റ്റേഴ്സ് പാസായ അയാളെ നാട്ടിൽ പോയ് അവൾ വിവാഹം കഴിച്ചത്. അതും സ്വന്തമായി അമേരിക്കയിൽ ഒരു വീട് വാങ്ങിയശേഷം. എന്റെ ഭത്താവിനെ ഒരു ദിവസം പോലും ഞാൻ എപ്പാട്ടുമെന്റിൽ താമസിപ്പിക്കത്തില്ലന്നവൾക്കു നിബന്ധമായിരുന്നു. അയാളുടെ കളിയാക്കൽ കൂടുതലായപ്പോൾ അവൾ പഠിച്ച് ബിഎസ്സിയും പാസായശേഷം എംഎസ്സിയും പാസായി. എന്നാലും അയാളുടെ ദൈനംദിനമുള്ള പരിഹാസത്തിന് കുറവില്ലായിരുന്നു. നേരം വെളുക്കുമ്പോൾ മുതൽ ഇതു കേൾക്കണ്ടായെന്നു കരുതി അവൾ നേരം വെളുക്കുമ്പോൾ തന്നെ എഴുന്നേറ്റ് ജോലിക്കു പോയി തുടങ്ങി.

എന്തായാലും അയാൾക്ക് അവളെ വലിയ കാര്യമായിരുന്നു. അവളെന്തു പറഞ്ഞാലും അതെല്ലാം സാധിച്ചു കൊടുക്കും. എല്ലാദിവസവും ഇരുപത്തിനാലു മണിക്കൂറും ജോലി ചെയ്യാനും അവൾക്കു മടിയില്ലായിരുന്നു. രണ്ടു സ്ഥലങ്ങളിലായി അങ്ങിനെ അവൾ ഒരാഴ്ച്ചയോളം പണി ചെയ്യുകയും ചെയ്തു. ആ ഒരാഴ്ച്ച അയാളുടെ പരിഹാസം കേൾക്കേണ്ടി വന്നില്ലല്ലോ എന്നാശ്വാസമായിരുന്നു അവൾക്ക്. പക്ഷേ അതു കഴിഞ്ഞ അന്നു മുതൽ പിന്നേം ചങ്കരൻ തെങ്ങേൽ തന്നെ. ഇപ്പോഴിപ്പോൾ അവൾ ചെവി കേൾക്കാത്തവളെ പോലെ നടക്കും.

കാര്യമിതൊക്കെയാണെങ്കിലും അയാൾക്ക് അവളെ വലിയ കാര്യവും വളരെ സ്നേഹവുമാണ്. അവൾക്കും അത് നല്ലതു പോലെ അറിയാം. അയാളു തന്നെ പറഞ്ഞിട്ടുണ്ട് എപ്പോഴും ആരെയെങ്കിലും കളിയാക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നത് അയാളുടെ ജാത്യാലുള്ള ഒരു സ്വഭാവമാണെന്ന്. ഇപ്പോഴിപ്പോൾ അവൾക്കതിൽ യാതൊരു പരിഭവവുമില്ല.

''ഞാനെന്തു പറഞ്ഞാലും അവൾ മറുത്തൊന്നും പറയത്തില്ലന്നയാൾ തന്നെ പലപ്രാവശ്യം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഇത്രയും നാളായിട്ടും ആ വീട്ടിൽ യാതൊരു കലഹവുമുണ്ടായിട്ടില്ല.

''ഞാനെന്തു പറഞ്ഞാലും അച്ചായനതെല്ലാം സാധിച്ചു തരുമെന്നതുകൊണ്ട് അവൾക്ക് അയാളേയും വലിയ കാര്യമായിരുന്നു. തന്മൂലം അവരുടെ വീട്ടിൽ യാതൊരു കലഹവും ഉണ്ടായിട്ടില്ല.

അവളുടെ നാലമത്തെ അനുജത്തി ശോശാമ്മയേയും അവൾ അമേരിക്കയിൽ കൊണ്ടു വന്നിട്ടുണ്ട് അവളുടെ വീട്ടിൽ നിന്ന് എന്നാൽ മറ്റാക്കും ഇവിടെ വന്നാൽ നല്ല ജോലി കിട്ടാൻ സാദ്ധ്യതയില്ലായെന്ന കാരണത്താൽ വേറെയാരേയും കൊണ്ടു വന്നില്ല. കൂടാതെ ശോശാമ്മ വലിയ അസൂയകാരിയെന്നതും വേറെയാരേയും കൊണ്ടു വരാൻ അവൾക്ക് താല്പര്യമില്ലാതാക്കി. അവൾക്ക് വേണമെങ്കിലും മറ്റുള്ളവരേ കൊണ്ടു വരാമല്ലോ; ഞാനതിന് തടസ്സം നിന്നിട്ടില്ലല്ലോയെന്ന് ചിന്നമ്മയും പറയും. എന്തായാലും എട്ടു സഹോദരങ്ങളുള്ളതിൽ വേറെയാരേയും അവർ അമേരിക്കയിൽ കൊണ്ടു വന്നിട്ടില്ല. അവക്കെല്ലാം അമേരിക്കയിൽ വരണമെന്ന് വളരെ ആഗ്രഹമുണ്ടായിരുന്നു.

ശോശാമ്മ ചിന്നമ്മയുടെ അത്രയും മിടുക്കിയും സുന്ദരിയുമല്ല. അവളും വന്നപ്പോൾ തന്നെ ആദ്യ പരീക്ഷയിൽ പാസായി നാട്ടിൽ പോയി വളരെ സുന്ദരനും മിടുക്കനുമായ രാജപ്പനെ വിവഹം കഴിച്ച് സുഖമായി താമസിക്കുകയാണ്.

രാജപ്പൻ എപ്പോഴും വെള്ളമാണ്. പോരാത്തതിന് വായിനോക്കിയുമാണ്. കാണാൻ കൊള്ളാവുന്ന ഏതെങ്കിലും പെണ്ണിനെ കണ്ടാൽ വിവാഹം കഴിച്ചതാണെങ്കിലും അല്ലങ്കിലും വായി നോക്കി നടക്കും. അതിനതിന് എപ്പോഴും അവൾ അയാളുമായി വഴക്കുണ്ടാക്കുകയും ചെയ്യും. അതിനതിന് അവൾ എപ്പോഴും സ്വന്തം ചേട്ടത്തിയോടും കാണുന്നവരോടുമെല്ലാം അസൂയപ്പെട്ടുകൊണ്ടിരിക്കുകയും കാണുവക്കെല്ലാം പാര വെയ്ക്കുകയും ചെയ്യാറുണ്ട്. തേനൊലിക്കുന്ന വത്താനം പറഞ്ഞാണ് സാധാരണ എല്ലാവരേയും സ്വന്തം ചേട്ടത്തിയേ പോലും പാര വെയ്ക്കാറുള്ളത്.

''എന്റെ ചേച്ചീ വിശുദ്ധ നാട്ടിൽ ഒന്നു പോകേണ്ടതാണ്. എന്റെ കൂടെ ജോലി ചെയ്യുന്ന തങ്കമ്മയും കൂട്ടരുമെല്ലാം പോയിട്ടു വന്നു പറേണ കേക്കണം. അടുത്ത പ്രാവശ്യം ഞങ്ങളും പോകാനും പരിപാടിയിട്ടിരിക്കുകയാണ്.''

ഇതു കേട്ടയുടനെ തന്നെ ചിന്നമ്മ ഭത്താവിനോടു പറഞ്ഞ് അടുത്ത പ്രാവശ്യം ആൾക്കാർ പോയ കൂട്ടത്തിൽ അവക്ക് പോകാൻ സാധിച്ചു. സൂക്ഷ സമയമായപ്പോൾ ശോശാമ്മ പറയുന്നത് ''ആ പന്ന വഗ്ഗം എനിക്ക് അവിധി തന്നില്ല'' എന്നാൽ ശോശാമ്മ അവധിക്ക് എഴുതി കൊടുത്തിട്ടു പോലുമില്ലന്ന കാര്യം നമ്മുടെ സിജി കുടുംബത്തിന് നല്ലതു പോലെ അറിയാം. മക്കളുടെ വിവാഹവും കഴിഞ്ഞ് വെറുതെയിരിക്കുന്ന അവക്ക് അതൊരുല്ലാസയാത്രയായിരുന്നു. പൂത്ത പണം വെച്ചുകൊണ്ടിരിക്കുന്ന ചേച്ചീടെ അത്രയും അങ്ങോട്ട് ചില വാകട്ടെയെന്നായിരുന്നു ശോശാമ്മയുടെ ചിന്ത.

''എന്റെ ചേച്ചീ നമ്മുടെ മറിയാമ്മയും കൂട്ടരും കൂടെ ക്രൂസിനു പോയി സ്വഗ്ഗ സുഖമനുഭവിച്ചെന്നാ പറേന്നത്. അടുത്ത കൂട്ടരുടെ കൂടെ ഞങ്ങളും പോകുന്നുണ്ട്'' പല അനുഭവങ്ങളും വന്ന ചിന്നമ്മയ്ക്കറിയാം ഇതും പാരയാണന്ന്. എന്നാൽ അടുത്ത ആൾക്കാരുടെ കൂടെ തന്നെ ചിന്നമ്മയും മാപ്പിളയും ക്രൂസ്സിനു പോയി. പഴയ പല്ലവി തന്നെ ശോശാമ്മ ആവത്തി

ച്ചു. ചേച്ചീടെ കയ്യിൽ നിന്ന് കാശ് പൊട്ടിയതു കാണുമ്പോൾ അവൾക്ക് വളരെ സന്തോഷമാകും.

സിജി കുടുംബം ആദ്യം താമസിച്ചിരുന്ന വീട് വിറ്റ് വേറെ വലിയ വീട്ടിൽ മാറി. എന്നാൽ പിന്നീട് വലിയ ഒരു ബംഗ്ലാവ് പണി കഴിപ്പിച്ച് മാറിയതു കണ്ടപ്പോൾ ശോശാമ്മയ്ക്കായിരുന്ന ഏറ്റവും കൂടുതൽ അസൂയ. അവൾ ഇപ്പോഴും ആദ്യം വാങ്ങിച്ച വീട്ടിൽ തന്നെയായിരുന്ന താമസം. അത് സാമന്യം നല്ല ഒരു വീടാണ്. പിന്നീട് അത് പല വിധത്തിൽ കൂടെ അവർ പരിഷ്ക്കരിച്ചു. ഓരോ പ്രാവശ്യവും അത് പരിഷ്ക്കരിക്കുന്നതിന് നല്ല ഓരോ തുക അവർ ചിലവഴിച്ചു കൊണ്ടിരുന്നു. എന്നാൽ ആ വീട് വിറ്റ് വേറൊരു വീട് വാങ്ങിക്കുന്നതിന് രാജപ്പനഭിപ്രായമില്ലായിരുന്നു. ‘‘നമ്മുടെ നാട്ടിൽ നല്ല കുടുംബങ്ങളിൽ താമസിക്കുന്ന ആരെങ്കിലും സ്വന്തം വീട് വിറ്റ് വേറെ വല്ല വീടും വാങ്ങി താമസിക്കുമോ’’ ഇതായിരുന്ന രാജപ്പന്റെ പ്രതികരണം. അവക്ക് കിട്ടുന്ന വരുമാനം കൊണ്ട് നാലു പെൺപിള്ളേരെ പഠിപ്പിച്ച് വലുതാക്കി കെട്ടിച്ചയച്ചു. കൂടാതെ അയാളുടെ മദ്യസേവയ്ക്കു നല്ല ചിലവുണ്ടായിരുന്നു. എല്ലാ വഷവും അവർ കേരളത്തിൽ പോയ് വരുന്നതിനും നല്ല ചിലവുണ്ടായിരുന്നു. ചിന്നമ്മ കുടുംബത്തിന് ഈ ചിലവുകളില്ലായിരുന്നു. ജോണ്ണിക്കുട്ടി വല്ലപ്പോഴും കുടിക്കുമെന്നല്ലാതെ സ്ഥിരം കുടിയനല്ലായിരുന്നു. അവക്ക് കിട്ടുന്ന വരുമാനത്തിന്റെ ടാക്സ് ലാഭിക്കണമെങ്കിൽ വേണ്ടതു ചെയ്യണമെന്നതിൻ പ്രകാരമാണ് അയാൾ വലിയ വീട് വാങ്ങാൻ നിബന്ധിതനായത്. കൂടാതെ അവർ അഞ്ചും ആറും വഷം കൂടുമ്പോൾ മാത്രമേ കേരളത്തിൽ പോകാറുണ്ടായിരുന്നുള്ളു.

ചേച്ചീ മാപ്പിളേം വലിയ വീടു വാങ്ങുന്ന വിലകൂടിയ കാർ വാങ്ങുന്ന ഇതിലെല്ലാം അനിയത്തിക്ക് വലിയ അസൂയയാണ്. അതിന്എങ്ങിനെയെല്ലാം പാര വെയ്ക്കാമോ അങ്ങിനെയെല്ലാം പാര പണിയാറുമുണ്ടുണ്ടായിരുന്നു.

ചിന്നമ്മ ശോശാമ്മയുയുടെ അപ്പൻ ഏകദേശം ഇരുപത് വഷം മുമ്പ് മരിച്ചു പോയി. അവരുടെ അമ്മയ്ക്കിപ്പോൾ തൊണ്ണൂറ്റേഴു വയസ്സായി. ഒരു ദിവസം ശോശാമ്മ ഒരു പാര പണിതു. ‘‘ചേച്ചീ ഇന്നലെ ഫോൺ ചെയ്തപ്പോഴറിഞ്ഞത് നമ്മുടെ അമ്മയ്ക്ക് ഹാട്ട് അറ്റാക്കായി; എപ്പോൾ വേണമെങ്കിലും തട്ടി പോകാൻ സാദ്ധ്യതയുണ്ടന്നാണ്. അമ്മ കിടക്കുന്നതിന്റെ തൊട്ടടുത്ത് ഫോൺ ഇരിക്കുന്നതുകൊണ്ട് വത്തമാനം പറയുന്നത് സൂക്ഷിച്ചു വേണം. ഇന്നലെ അമ്മ ആശുപത്രീലായിരുന്നതു കൊണ്ട് ഇത്രയും കാര്യങ്ങൾ വിശദമായി അറിഞ്ഞു. ഇപ്പോൾ അമ്മയെ വീട്ടിൽ കൊണ്ടു വന്നു. അതുകൊണ്ട് വത്തമാനം പറയുന്നത് വളരെ സൂക്ഷിച്ചു വേണം.’’

ശോശാമ്മ നാട്ടിൽ പോയിട്ട് ഇപ്പോൾ രണ്ടു മാസമേയായുള്ളു മടങ്ങി വന്നിട്ട്. അതുകൊണ്ട് ഉടനെ നാട്ടിലേക്ക് പോകാനായി സാമ്പത്തികമായി അവൾക്ക് പ്രയാസവുമാണ്.

രണ്ടു കൂട്ടരുടേയും കയ്യിൽ ഒ.സി.ഒ ഉണ്ട്. അപ്പോൾ അവക്ക് എപ്പോൾ വേണമെങ്കിലും പോകാനും വരാനും സാധിക്കും.

നാട്ടിലുള്ള ഇവരുടേത് പഴയ വീടായിരുന്നു. ചേട്ടത്തീം അനിയത്തീം വീട് മോടി പിടിപ്പിക്കാൻ ഒന്നും ചെയ്തില്ല. അമേരിക്കയിലുള്ളവർ വേണമെങ്കിൽ വീട് നന്നാക്കട്ടെ എന്ന് നാട്ടിലുള്ളവർ; ഞങ്ങൾ പെണ്ണുങ്ങൾ, ആങ്ങളമാർ വീട് നന്നാക്കട്ടെ എന്ന് പെണ്ണുങ്ങളും. എട്ടു മക്കളുള്ളതിൽ ബാക്കി ആറു പേരും ആണുങ്ങളാണെങ്കിലും അവരെല്ലാം കൃഷിക്കാരായിരുന്നു. അവരെക്കൊണ്ട് ആ വീട് ശരിയാക്കാൻ പറ്റത്തില്ലായിരുന്നു. ചിന്നമ്മയ്ക്ക് വലിയ പ്രയാസം കൂടാതെ ശരിയാക്കാമായിരുന്നു. എന്നാൽ ശോശാമ്മയുടെ സ്വഭാവത്തിലുള്ള അമഷം മൂലം ഒന്നും ചെയ്തില്ല. രണ്ടു പെങ്ങന്മാർ അമേരിക്കയിലുണ്ടായിട്ടും ഈ വീടൊന്ന് ശരിയാക്കില്ലന്ന കാര്യത്തിൽ ആങ്ങളമാക്കും അമഷമുണ്ടായിരുന്നു. ഞങ്ങൾക്ക് സ്ത്രീധനവും തന്നില്ല അവകാശങ്ങളും ഒന്നും തന്നിട്ടില്ല എന്നാണ് പെണ്ണുങ്ങളുടെ വാദം. സത്യം പറഞ്ഞാൽ ശോശാമ്മയെ നേഴ്സിഗിനു പഠിപ്പിച്ചതും അമേരിക്കയിൽ വരാനുള്ള ചെലവെല്ലാമെടുത്തതും കൂടാതെ അവളുടെ വിവാഹചെലവിന്റെ നല്ലൊരു ഭാഗം വെരെ ചിന്നമ്മയാണ് ചെയ്തത്. ചിന്നമ്മയാണ് ഏറ്റവും മൂത്തതെങ്കിലും ഇളയ എല്ലാ ആങ്ങളമാരോടും നേഴ്സിംഗിന് പോയി പഠിക്കാൻ പറഞ്ഞിട്ട് ഹൈസ്ക്കൂൾ പാസായവർ പോലും ഉഴപ്പി നടന്നു. അതിലും ചിന്നമ്മയ്ക്ക് അരിശമുണ്ട്.

അമ്മയ്ക്ക് അസുഖമാണെന്നു കേട്ടപ്പോൾ ചിന്നമ്മ നാട്ടിലേക്ക് ഫോൺ ചെയ്ത് വിവരം സത്യമാണെന്ന് മനസ്സിലാക്കി.

‘‘എടീ ഞാൻ ടിക്കറ്റെടുത്തോളാം നീയും കൂടെ പോര്’’ എന്ന് ചിന്നമ്മ പറഞ്ഞപ്പോൾ അവളും പോകാൻ തയ്യാറായി. സന്തോഷത്തോടെ ശോശാമ്മയും പെട്ടന്ന് അവധി ശരിയാക്കി യാത്ര പുറപ്പെട്ടു. ഞാനിത്രയും കാലം ഇത്രയുമധികം പാര പണിതിട്ടും നല്ല ചേച്ചി ഇപ്പോൾ എനിക്ക് നാട്ടിലേക്ക് ടിക്കറ്റെടുത്തല്ലോന്നോത്ത് ശോശാമ്മക്ക് വിഷമമായി.

ജോണ്ണിക്കുട്ടിയും ചിന്നമ്മയും ലെമസിൻ പിടിച്ചായിരുന്നു വിമാനത്താവളത്തിലേക്ക് പുറപ്പെട്ടത്. അതും ശോശാമ്മയും രാജപ്പനും സൂക്ഷത്തിന് വിമാത്താവളത്തിൽ ചെന്നപ്പോൾ തന്നെ. അതു കണ്ടപ്പോൾ തന്നെ ശോശാമ്മയുടെ മുഖമാകെ വാടിപ്പോയി. സിജി കുടുംബം മനസ്സിൽ കണ്ടു ‘‘നിന്നെ കൂടെ ലെമസ്സിനേൽ കൊണ്ടു വരാമെന്ന് ഞങ്ങളേറ്റില്ലല്ലോ. നിന്നെ കൂടെ കൊണ്ടു വരാൻ നീയാവശ്യപ്പെട്ടുമില്ലല്ലോ. നിങ്ങളിങ്ങോട്ട വന്നപ്പോൾ ഇത്രയും ഉപകാരം ചെയ്ത ഞങ്ങളേ കൂടെ ഇങ്ങോട്ട് കൊണ്ടു വരാമെന്ന് ചിന്തിച്ചുമില്ലല്ലോ’’

ഇവരുടെ വീടുകളും വളരെ അടുത്തായിരുന്നു. അവസാന നിമിഷം വെരെ സിജി കുടുംബം പ്രതീക്ഷിച്ചു രാജപ്പൻ കൊണ്ടു വിടുമെന്ന്. അതില്ലാതെ വന്നപ്പോഴാണ് അവക്കരിശം വന്നത്.

വിമാനത്തിൽകയറാൻനേരമാണ് ശോശാമ്മ മനസ്സിലാക്കുന്നത് സിജി കുടുംബം ഫസ്റ്റ്ക്ലാസ്സിലാണ് യാത്ര ചെയ്യുന്ന കാര്യം. നാട്ടിലെ വിമാനത്താവളം വെരെ ശോശാമ്മ വിമാനത്തിലിരുന്ന് കരയുകയായിരുന്നു. അവരൊന്നിച്ച് യാത്രചെയ്യുന്ന എന്നു കേട്ടപ്പോൾ ശോശാമ്മ ഒരായിരം സ്വപ്നങ്ങൾ കണ്ടിരുന്നു. ചേച്ചീടടുത്തിരുന്ന് ചെറുപ്പ കാലങ്ങളിലെ ഒരായിരം കാര്യങ്ങൾ ഓമ്മിച്ചോമ്മിച്ച് ചിരിക്കാനുള്ളതെല്ലാം അവൾ മനസ്സിൽ ഓത്തോത്ത് കരുതിയിട്ടുണ്ടായിരുന്നു. അതെല്ലാം പൊട്ടിത്തകന്ന് തരിപ്പണമായതോത്തവൾക്ക് വളരെ സങ്കടം വന്നു.

നാട്ടിൽ ചെന്നു കഴിഞ്ഞപ്പോഴും അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. സിജി കുടുംബത്തിനെ ജോണ്ണിക്കുട്ടിയുടെ വീട്ടിലെ കാറിൽ വന്ന് അവർ കൊണ്ടു പോയി. ആരുമില്ലാതെ കുറച്ചു കഴിഞ്ഞപ്പോഴാണ് അവൾ അവർ പോകുന്നത്കാണുന്നത്. അവിടെ നിന്നുമവൾ ടാക്സി വിളിച്ച് പോകേണ്ടി വന്നു. വീട്ടിൽ ചെന്നിട്ടും അവൾക്ക് സങ്കടം സഹിക്ക വയ്യാതെ കരയുകയായിരുന്നു. അമ്മ മരിക്കാറായി കിടക്കുന്നതു കണ്ടാണ് അവൾ കരയുന്നതെന്നായിരുന്ന വീട്ടിലുള്ളവർ കരുതിയത്. അവർ ചെന്നതിന്റെ അടുത്ത ദിവസം തന്നെ അമ്മ മരിച്ചു. മക്കളെല്ലാവരും എല്ലാ കാര്യത്തിനും അടുത്തുണ്ടായിരുന്നതിൽ ആങ്ങളമാക്കെല്ലാം വളരെ സന്തോഷമായി. പിന്നീടാണ് ശോശാമ്മ മനസ്സിലാത് അവൾക്ക് വൺവേ ടിക്കറ്റേ എടുത്തിട്ടുണ്ടായിരുന്നെന്ന പാര.